

# ജ്വാല

## ലിറ്റിൽ കൈറ്റ്സ്

### ജി.വി.എച്ച്.എസ്.എസ്

### കൊണ്ടോട്ടി

**ഡിജിറ്റൽ മാഗസിൻ 2023 - 24**

# എഡിറ്ററുടെ വാക്കുകൾ

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിന് കീഴിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുക എന്നുള്ളത് വളരെ വലിയ ഒരു ആഗ്രഹമായിരുന്നു. അതിലേക്ക് ആവശ്യമായ കലാസൃഷ്ടികൾ തന്ന് എല്ലാ വിദ്യാർത്ഥികളും സഹകരിക്കുകയുണ്ടായി, പിന്നിൽ പരിശ്രമിച്ച എല്ലാ വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുകയാണ്, എല്ലാവർക്കും പ്രത്യേകം ആശംസകൾ നേരുന്നു................



അനാമിക 9B

# ആശംസ




"ലിറ്റിൽകൈറ്റ്സ് വിദ്യാർഥികളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്,വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ വളർത്തിക്കൊണ്ടു വരുവാൻ ഇത്തരം പ്രവർത്തനങ്ങൾ ഉപകരിക്കും, പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു"

എന്ന്
ശ്രീ : ബാബു സി
( ഹെഡ്മാസ്റ്റർ )

# ആശംസ



**ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ, കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ പ്രകടമാക്കുന്നതിനുള്ള അവസരമാവട്ടെ എന്ന് ആശംസിക്കുന്നു**

***നൗഷാദ് ചുള്ളിയൻ***
***പി.ടി.എ പ്രസിഡന്റ്***

# ആശംസ

**ലിറ്റിൽ കൈറ്റ്സ് മെമ്പർമാരായ വിദ്യാർഥികളുടെ പരിശ്രമഫലമായി ഒരു  ഡിജിറ്റൽ മാഗസിൻ ഇവിടെ പിറന്ന് വരുന്നു എന്നതിൽ വളരെയധികം സന്തോഷമുണ്ട്, വിദ്യാർത്ഥികളുടെ കലാവാസനകൾ വളർന്നു വരുവാൻ ഇത് ഒരു കാരണമാവേണ്ടതുണ്ട്. എല്ലാവിധ ആശംസകളും നേരുന്നു.**

***അബ്ദുറഹിമാൻ മാട്ടിൽ***
***(കൈറ്റ് മാസ്റ്റർ)***
***ലൈല കെ.പി***
***(കൈറ്റ് മിസ്ട്രസ്)***

# ***Editorial Board***

**Chief Editor : Anamika**

**Sub Editor : Asna Shahana**

**Asst.Editor : Fathima Minna**

**Art Editor : Fathima Minha**

**Cover Page : Fathima Farhana**

**Members : Muhamed Sidan**
**Vishnu**
**Abhin Raj**
**Fathima Dilna**

# *LITTLE KITES*

## *GVHSS KONDOTTY*












# LITTLE KITES

## GVHSS KONDOTTY



## *MAGAZINE TEAM*



# ഞങ്ങളുടെ സ്കൂൾ ഒരു തിരിഞ്ഞുനോട്ടം

1957 ൽ ശ്രീമാൻ മഠത്തിൽ അഹമ്മദ് കുട്ടി സർക്കാറിന് വിട്ടുകൊടുത്ത രണ്ടര ഏക്കർ സ്ഥലത്താണ് പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ **GVHSS KONDOTTY** സ്ഥാപിതമായത്. ആദ്യ കാലങ്ങളിൽ മേലങ്ങാടി സിറാജുൽ ഹുദാ മദ്രസ്സയിൽ നടത്തിവന്ന ക്ലാസ്സുകൾ സ്ഥിരം കെട്ടിടങ്ങൾ സജ്ജമായതോടെ ഇപ്പോഴുള്ള സ്ഥലത്തേക്ക് മാറി. 1980-81 ൽ കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ് ടാറിംഗ് നടന്നപ്പോൾ ഈ ഭാഗത്തേക്ക് ബസ് സർവീസ് സാധ്യമായി. ഇതേത്തുടർന്ന് ശ്രീമാൻ ഓടക്കൽ മുഹമ്മദ്ഷാ ഹാജി യിൽ നിന്നും ഏറ്റെടുത്ത ഒന്നര ഏക്കർ സ്ഥലം കൂടി ചേർത്ത് സ്കൂൾ കോമ്പൗണ്ട് വികസിപ്പിക്കുകയുണ്ടായി.

1990-91 അധ്യയനവർഷം മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെടുകയും 2004-05 അധ്യയനവർഷം മുതൽ ഹയർ സെക്കന്ററി വിഭാഗത്തോടുകൂടിയ സ്കൂളായി മാറുകയും ചെയ്തു. ഡെപ്യൂട്ടി കലക്ടർ, ഗവ. അണ്ടർ സെക്രട്ടറി തലങ്ങളിൽ എത്തിയവർ മുതൽ ഫുട്ബാൾ, സിനിമാ രംഗങ്ങളിൽ തിളങ്ങിയവർ വരെ ഈ സ്കൂളിൽ പഠനം നടത്തിയവരിൽ ഉൾപ്പെടുന്നു.

നിലവിൽ 5 മുതൽ 10 വരെ ഹൈസ്കൂൾ വിഭാഗത്തിലായി 800 ൽ പരം കുട്ടികളും **VHSE (Field Technician Computer Peripherals, Frontline Health Worker, Solar and LED Technician)** വിഭാഗത്തിലായി 240 ൽ പരം കുട്ടികളും **HSS (Science, Humanities, Commerce)** വിഭാഗത്തിലായി 660 ൽ പരം കുട്ടികളും ഇവിടെ പഠനം

**നടത്തിവരുന്നു. അധ്യാപകരുടേയും രക്ഷിതാക്കളുടേയും ജനപ്രതിനിധികളുടേയും നിരന്തരമായ ഇടപെടലും വിജയഭേരി പോലെയുള്ള കർമ പദ്ധതികളുമാണ് കൊണ്ടോട്ടി ജി.വി.എച്ച്. എസ്. സ്കൂളിന്റെ വിജയക്കുതിപ്പിന് നിദാനം. അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളോടെ നവീനമായ കോഴ്സുകളും പഠനാന്തരീക്ഷവുമുള്ള മികവിന്റെ കേന്ദ്രമായി നമ്മുടെ ഈ സ്കൂൾ മാറ്റുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനം ആരംഭിച്ചു.**






## TEAM LITTLE KITES

# ഉള്ളടക്കം


| | PAGE |
|---|---|
| 1 ഒരു ദിനം (കവിത) | 12 |
| 2 കടംകഥകൾ | 13 |
| 3 മലയാള സാഹിത്യം ചില വിവരങ്ങൾ | 15 |
| 4 ആൻ ഫ്രാൻങ്ക് | 18 |
| 5 കാലം ( കവിത) | 20 |
| 6 الصداقة | 21 |
| 7 കൃഷിപ്പാട്ട് | 22 |
| 8 Quotes | 24 |
| 9 കയ്യൊപ്പ് ( കഥ ) | 25 |
| 10 പെയ്തിറങ്ങി | 28 |
| 11 നിങ്ങൾക്കറിയാമോ ? | 29 |
| 12 പാത ( കവിത) | 30 |
| 13 Quotes | 31 |
| 14 TYPES OF FRACTION | 32 |
| 15 എന്തിനിത്ര നൊമ്പരം | 33 |

# ഒരു ദിനം

*നയന ബി 8C*

**ഒരു ദിനം സൂര്യൻ**
**ഉദിച്ചുയരുന്നിതാ**
**മനുഷ്യനു തലക്കുമീതെ**
**വെയിലിൻ ഉറവിടമായി**

**ഒരു ദിനം വൃക്ഷമിതാ**
**പൊങ്ങുന്നു**
**മനുഷ്യനു തലക്കുമീതെ**
**തണലിൽ സാന്ത്വനമായി**



# കടംകഥകൾ

ശേഖരണം: ഫാത്തിമ അന്ന 8D

1 അകത്തിരിപ്പോനെ പുറത്ത് കാട്ടും കണ്ണാടി =മുഖം
2 അകന്നു നിന്നു നോക്കിക്കാണും കണ്ടതെല്ലാം ഉള്ളിലാക്കും =ക്യാമറ
3 അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില്ല =പപ്പടം
4 അച്ഛൻ മുള്ളൻ അമ്മ മിന്നുമിനു മോൾ മണി മണി =ചക്ക
5 അടയ്ക്കും തുറക്കുംമണി മുത്തിന് പത്തായം =കണ്ണ്
6 അടിക്ക് കൊടുത്താൽ മുടിക്കു കാണാം =തെങ്ങ്
7 അടിക്കുവെട്ട് നടുക്ക് കെട്ട് തലയ്ക്ക് ചവിട്ട് =നെല്ല്
8 അടിയിൽ കിണ്ണം നടുവിൽ വടി മേലെ കുടം =ചേന
9 അടി പാറ നടു വടി മേലെ കുടം =ചേന
10 അടുക്കളയിലെ അമ്മായിയമ്മ =പൂച്ച
11 അടിയില്ലാത്ത ഭരണി =കിണർ
12 അടി മുള്ള് നടു കാട് തലപൂവ് =പൂവൻ കോഴി
13 അങ്ങു ചെന്നു കിരു കിരുക്കും

ഇങ്ങു ചെന്നു കിരു കിരുക്കും പിന്നെ മിണ്ടാതെ മുക്കിലിരിക്കും = ചൂല്

14 അപ്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട് =ആമ

15 അപ്പാടെ പട്ടിക്ക് നാക്കിൽ പല്ല് =ചിരവ

16 അമ്പോട്ട് പട്ടിക്ക് മുമ്പോട്ട് വാല് =ചിരവ

17 അമ്മയ്ക്ക് വയറിളക്കം പിള്ളയ്ക്ക് തലകറക്കം =ആട്ടുകല്ല്

18 അമ്മയ്ക്ക് വാലില്ല മക്കൾക്കെല്ലാം വാല് = തവള

19 അമ്മ കുളിച്ചു വരുമ്പോൾ മൂന്നു മക്കൾ തൊഴുതിരിക്കുന്നു =അടുപ്പ് കല്ല്

20 അമ്മയെ കുത്തിയ മോൻ വെന്തു മരിച്ചു =തീപ്പെട്ടി കൊള്ളി

21 അരയുണ്ട് കാലുണ്ട് കാലിൽ പാദമില്ല =പാൻറ്

22 അവിടെ പോയി ഇവിടെ പോയി പിന്നെ മുക്കിലൊളിച്ചു = ചൂല്



# മലയാള സാഹിത്യം ചില വിവരങ്ങൾ

റിയ ഫാത്തിമ. 8D

1)മലയാളത്തിലെ ആദ്യ നോവൽ?
A. കുന്ദലത
2) മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവൽ ?
A. ഇന്ദുലേഖ
3) സാഹിത്യത്തിന് നോബൽ സമ്മാനം ലഭിച്ച ഇന്ത്യക്കാരൻ?
A. രവീന്ദ്രനാഥ ടാഗോർ
4 ) മലയാള ഭാഷാ ചരിത്രത്തിന്റെ കർത്താവ്?
A. പി.ഗോവിന്ദപിള്ള
5) മലയാള കവിത്രയങ്ങൾ ?
A. വള്ളത്തോൾ, നാരായണ മേനോൻ, ഉള്ളൂർ പരമേശരയ്യർ, കുമാരനാശാൻ
6) നാട്ടുഭാഷയും സംസ്കൃതവും കൂടിക്കലർത്തിയ സാഹിത്യശാവ?

**A. മണിപ്രവാളം**

**7 )ആദ്യത്തെ ചമ്പു?**

**A. ഉണ്ണിയച്ചീചരിതം**

**8) കൃഷണഗാഥയുടെ രചയിതാവ്**

**A. ചെറുശ്ശേരി**

**9) പഞ്ചവർണക്കിളിയെ കൊണ്ട് പഞ്ചമം പാടിച്ചകവി?**

**A. തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ**

**10) കേരളത്തിലെ ഏറ്റവും പഴക്കമുള്ള ദ് ദൃശ്യകല?**

**A. കാളീപുജ**

**11) കൃഷണശീതിയെ ഉപജീവിച്ചുണ്ടായ ഭൃശ്യകല?**

**A. കൃഷണനാട്ടം**

**12) കഥകളിയുടെ ആദ്യത്തെ പേര്?**

**A. രാമനാട്ടം**

**13) രാമനാട്ടത്തിന്റെ ഉപജ്ഞാതാവ്?**

**A. കൊട്ടാരക്കര തമ്പുരാൻ**

**14)തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്?**

**A. കലക്കത്ത് കുഞ്ചൻ നമ്പ്യാർ**

15)മലയാളത്തിലെ പ്രാമാണികമായ വ്യാകരണ ഗ്രന്ഥം?

A. കേരളപാണിനീയം

16) മലയാള നാടകത്തതിന് തുടക്കം കുറിച്ച കൃതി?

A. മണിപ്രവാള, ശകുന്തളം

17) കേശവീയത്തിന്റെ രചയിതാവ് ?

A. കെ. സി. കേശവപിള്ള

18) ദ്വിതീയാക്ഷരപ്രാസം വേണമെന്ന് വാദിച്ചവരിൽ പ്രമുഖൻ ?

A. കേരളവർമ്മ വലിയ ക്കോയിത്തമ്പുരാൻ

19)ദ്വിതീയാക്ഷരപ്രാസം അനാവശ്യമെന്ന് വാദിച്ചവരിൽ മുഖ്യൻ?

A. ഏ.ആർ. രാജരാജവർമ്മ

20) കലാമണ്ഡലം സ്ഥാപിച്ച മഹകവി?

A. വള്ളത്തോൾ നരായണമേനോൻ



# ആൻ ഫ്രാങ്ക്

FATHIMA MINNA 9B

ജർമനിയിലെ ഫ്രാങ്ക് ഫെർട്ടിലെ ഒരു പുരാതന ജൂതകുടുംബത്തിൽ 1929 ജൂൺ 12 നായിരുന്നു ആൻ ഫ്രാങ്കിന്റെ ജനനം.പിതാവ് ഒട്ടോഫ്രാങ്ക് ഒരു ബാങ്കുദ്യോഗസ്ഥനായിരുന്നു .മാതാവ് എഡിത്ത് ഫ്രാങ്ക് വീട്ടമ്മയു.മാർഗറ്റ് ഫ്രാങ്കായിരുന്നു ഏക സഹോദരി. ജർമനിയിൽ നിന്നുള്ള എഴുത്തുകാരിയായിരുന്നു ആൻ. ആൻഫ്രാങ്കിന്റെ കുടുംബം ഹോളണ്ടിലേക്ക് കുടിയേറി പാർത്തു. ജർമ്മൻ പട്ടാളം ഹോളണ്ടിനെ അക്രമിച്ചപ്പോൾ യഹൂദരായിരുന്ന ആൻ ഫ്രാങ്കും കുടുംബവും ഒരു ഒളിസങ്കേതത്തിൽ അഭയം തേടി "സീക്രട്ട് അനക്സ്" എന്ന പേരിൽ അറിയപ്പെടുന്നു.

രണ്ടാലോകം മഹായുദ്ധം രണ്ട് ആത്മകഥകളിലൂടെ ഇന്നും ജീവിക്കുന്നു ഒന്ന് ജർമ്മനിയിലെ സ്വേച്ഛാപതിയായിരുന്ന ഹിറ്റ്ലറുടെ "മെയ്ൻ കാംഫും" രണ്ട് കൗമാരക്കാരിയുടെ "ദി ഡയറി ഓഫ് ആൻ ഫ്രാങ്ക്" . ഹിറ്റ്ലറുടെ ഭരണകാലത്ത് ജൂതവംശജർ അനുഭവിക്കേണ്ടിവന്ന കഷ്ടതകളെ കുറിച്ചുള്ള ചിത്രം തരുവായിരുന്നു ആനിയുടെ ഡയറിയിൽ. ആൻഫ്രാങ്ക് കോറിയിട്ട വരികൾ യുദ്ധത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളാണ് കുട്ടികളെയും സ്ത്രീകളെയും അടക്കം നാസിപട്ടാളക്കാർ കോൺസെൻട്രേഷൻ ക്യാമ്പിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നത് ഒളിത്താവളത്തിലെ ജാലകവിരിക്കുള്ളിലൂടെ താൻ കാണാറുള്ളതായി ആൻ ഡയറിയിൽ കുറിക്കുന്നു . തന്റെ ഡയറിയെ ഒരു "കിറ്റി" എന്ന സുഹൃത്തിനെ പോലെ ആയിരുന്നു കണ്ടിരുന്നത്. "നിന്നോട് എല്ലാം

തുറന്നു പറയാൻ കഴിയുമെന്നും നീ എനിക്ക് ആശ്വാസത്തിന്റെയും താങ്ങിന്റെയും ഉറവിട മായിരിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു"ഇതാണ് ആൻ തൻറെ ഡയറിയിൽ ആദ്യം എഴുതിയ വാക്കുകൾ.അവൾ വീണ്ടും പറയുന്നു എൻറെ ചിന്തകളും വികാരങ്ങളും എല്ലാം എഴുതിവെക്കാം എന്നത് വലിയൊരാശ്വാസമാണ് അല്ലെങ്കിൽ ഞാൻ ശ്വാസംമുട്ടിമരിക്കുമായിരുന്നു .......

"ആൻ ഫ്രാങ്കിന്റെ ഒരു ദിവസം"

പ്രിയപ്പെട്ട കിറ്റി,

ഭീകരമാണ് പുറത്തെ കാര്യങ്ങൾ നിരപരാധികളെ രാവും പകലും നോക്കാതെ വേട്ടയാടുന്നു.എന്നിട്ട് ഒഴിഞ്ഞ കൈകളോടെ നാടുകടത്തുന്നു. പഴന്തുണിയോ നാണയമോ കൈവശമുണ്ടെങ്കിൽ പാതിവഴിയിൽ അത് മോഷ്ടിക്കപ്പെടും തടങ്കൽ പാളയത്തിലേക്ക് കൊണ്ടുപോകുമ്പോൾ സ്ത്രീകളെയും പുരുഷന്മാരെയും കുട്ടികളെയും വെവ്വേറെയാകുന്നു.... കുട്ടികൾ സ്കൂൾ വിട്ടു വരുമ്പോൾ കാണുന്നത് ഒഴിഞ്ഞ വീടുകളാണ്. ചന്തയിൽ നിന്ന് സാധനങ്ങൾ വാങ്ങി തിരികെയെത്തുന്ന സ്ത്രീകൾ കാണുന്നത് ശൂന്യമായ ഭവനങ്ങൾ ആണ്.കുടുംബങ്ങളെ കാണാതെ അവർ നിലവിളിക്കുന്നു... നൂറുകണക്കിന് വിമാനങ്ങൾ രാത്രികളിൽ ഹോളണ്ടിനു മുകളിലൂടെ വട്ടമിട്ടു പറക്കുന്നു.യുദ്ധം ഭൂഗോളമാകെ പരന്നിരിക്കുന്നു....

നിന്റെ ആൻ.



# കാലം

*നയന ബി 8C*

പുതിയൊരു മണ്ണിനായ്
തിരയുന്നതെവിടെ നാം
കരയുന്ന കുഞ്ഞിനായ്
മണ്ണിതെങ്ങു പോയ്
വീഴ്ചയും താഴ്ചയും
നാം തീർത്തതെവിടെ
കാലങ്ങളായ്
നമ്മെ പോറ്റിയ
മണ്ണിനോടോ

# الصَّدَاقَةُ

FATHIMA SANHA 8C

كَانَ فِي غَابَةٍ كَبِيرَةٍ شَجَرَةٌ كَبِيرَةٌ و جَمِيلَةٌ و كَانَ يَعِيشُ عَلَيْهَا عُصْفُورٌ مُنْذُ زَمَنٍ بَعِيدٍ , و كَانَ العُصْفُورُ و الشَّجَرَةُ يُشَكِّلانِ صَدَاقَةً حَقِيقِيَّةً و فِي يَومٍ مِنَ الأيّامِ إشْتَدّتِ الرِّيَاحُ بِشَكْلٍ كَبِيرٍ و مُخيفٍ مِمّا جَعَلَ العُصْفُورَ يَبْقَى فِي عُشِّهِ لِتَحْمِيهِ الشّجَرَةَ مِنَ الرِّيَاحِ الشَّدِيدَةِ, و كَذَلكَ الشَّجَرَةُ تَحَمَّلَتْ شِدَّةَ الرِّيَاحِ لِتَحْفَظَ حَيَاةَ صَدِيقِهَا العُصْفُورَ, وبَعْدَ وَقْتٍ طَوِيلٍ هَدَأَتْ الرِّيَاحُ

وَفِي يَومِ التَّالِي جَاءَ رَجُلٌ حَطّابٌ لِيَقْطَعَ السَّجَرَة , فَلاحَظَ العُصْفُورُ الرَّجُلَ و هُوَ يَحْمِلُ فَأْساً , فَطَارَ مِنْ عُشِّهِ و وَقَفَ عَلَى رَأْسِ الرَّجُلِ وَ بَدَأ يَنْقُرُ فِي رَأْسِهِ كَيْ يَبْتَعِدَ عَنِ الشَّجَرَة و بِي الفِعْلِ إبْتَعَدَ الحَطَّابُ عَنِ الشَّجَرَة .

وَ إسْتَمَرَّت تِلْكَ الصَّدَاقَة الجَمِيلَة بَيْنَ العُصْفُورِ وَ الشَّجَرَةِ , وَ الصَّدِيقُ الحَقِيقِي مَنْ يُسَاعِدُكَ وَقْتَ الشِّدَّةِ



# കൃഷിപ്പാട്ട്

**ശേഖരണം :നഫ്ന PM 6B**

തെയ്യാ തിനന്താരാ
താരാ തിന ന്താരാ
തെയ്യാ തിനന്താരാ
താരാ തിന ന്താരാ (2)

സൂര്യനുദിച്ചു കണ്ടെ
തെയ്യാ തിനന്താരാ
നേരം പുലർന്നു പോയേ
താരാ തിനന്താരാ

ഒരു പിടി ഞാറെട്ടുത്തേ
തെയ്യാ തിനന്താരാ
നട്ടിട്ടും തീരുന്നില്ലേ
താരാ തിനന്താരാ

ആദിത്യൻ കതിരു നോക്ക്യേ
തെയ്യാ തിനന്താരാ
ആദിത്യൻ കതിരുകണ്ടേ
താരാ തിനന്താരാ


തെയ്യാ തിനന്താരാ
താരാ തിനന്താരാ
തെയ്യാ തിനന്താരാ
താരാ തിനന്താരാ

തൈവത്തെ കൈയെടുത്തെ
തെയ്യാ തിനന്താരാ
തമ്പുരാൻ വന്നല്ലോ
താരാ തിനന്താരാ

നട്ടിട്ടും തീരുന്നില്ലേ
തെയ്യാ തിനന്താരാ
മേനി തളർന്നു പോയേ
താരാ തിനന്താരാ

മാനം കറുത്തു പോയേ
തെയ്യാ തിനന്താരാ
മാരി പൊരിഞ്ഞു നിന്നേ
താരാ തിനന്താരാ

തെയ്യാ തിനന്താരാ
താരാ തിനന്താരാ
തെയ്യാ തിനന്താരാ
താരാ തിനന്താരാ (2)



**"Even if everything else is taken away, nobody can take away the skill to become happy from you"**

VAIKOM MUHAMMAD BASHEER

FATHIMA MINHA P 9B

# കയ്യൊപ്പ്

*ഫാത്തിമ സൻഹ 8C*

മോളേ.... അമ്മക്കിപ്പോൾ പണ്ടത്തെ പോലെയൊന്നും വയ്യടീ. അസുഖം കൂടിക്കൂടി വരുകയല്ലേ. അതുകൊണ്ട് തന്നെ നിനക്ക് കത്തെഴുതാൻ ഒന്നും വയ്യ. അജ്മലിന്റെ കയ്യും കാലും പിടിച്ചിട്ടാ ഓൻ ഈ കത്തെഴുതി തരുന്നത്. പിന്നെ അച്ഛനെ കാണാതെ എഴുതാനാ പാട്.നീ ഇറങ്ങിപ്പോയ അന്ന് തളർന്നത അദ്ദേഹത്തിന്റെ മനസ്സ്. നിനക്ക് അദ്ദേഹത്തോട് ഒരിക്കലും ദേഷ്യം ഉണ്ടാകരുത്. എല്ലാ അച്ഛന്മാരും ചെയ്യുന്നതുപോലെ തന്നെയാ നിന്റെ അച്ഛനും ചെയ്തത്. രാപ്പകലില്ലാതെ കഷ്ടപ്പെട്ടിട്ടാണ് അച്ഛൻ നിന്നെ വളർത്തിയത്. മോളെ. പെട്ടെന്നുള്ള ആ സംഭവം അച്ഛനു ഉൾക്കൊള്ളാൻ ആയിട്ടില്ല. നിനക്കാണ് ഈ കത്ത് എന്നറിഞ്ഞാൽ അദ്ദേഹം എന്നെ കൊന്നു കളയും മോളെ. അതുകൊണ്ട് ഇനി നീ അമ്മയുടെ കത്ത് കാത്തിരിക്കരുത്. അമ്മക്ക് ഇനി ഇങ്ങനെ എഴുതാൻ കഴിയുമോ എന്നറിയില്ല. എപ്പോഴും എന്റെ മോൾ സന്തോഷത്തോടെ ഇരിക്കണം എന്ന്........ ഒപ്പ്.

കത്തിലെ ഓരോ വരികളും വീണ്ടും വീണ്ടും വായിച്ചു കൊണ്ട് കരയുകയാണ് ജസി. അമ്മ എഴുതിവിട്ട എല്ലാ കത്തുകളും ഒരുമിച്ചു കൂട്ടി വെച്ച് അതും കെട്ടിപ്പിടിച്ച് അവൾ പൊട്ടിക്കരയുകയാണ്. നീ പോകല്ലേ മോളെ എന്ന് അമ്മ പറഞ്ഞിട്ടും ഒന്ന് തിരിഞ്ഞു പോലും നോക്കാതെ ഇറങ്ങിപ്പോന്നതാണ് അവൾ. തന്റെ അമ്മ കരയുന്നതും കേട്ട് ഓടിയെത്തിയ ജെസ്സിയുടെ മകൾ "എന്തിനാ അമ്മേ കരയുന്നേ "എന്ന് ചോദിച്ചു തന്റെ ഉടുപ്പ് കൊണ്ട് അമ്മയുടെ കണ്ണുനീർ അവൾ തുടച്ചു.

അവളെയും ചേർത്ത് പിടിച്ച് ജെസ്സി തേങ്ങി തേങ്ങി കരഞ്ഞു.

ജെസ്സി തന്റെ കുഞ്ഞിനോട് ഒരു കഥ പറയുകയാ..... അവളുടെ നൊമ്പര കഥ.ജനിച്ച അന്നുമുതൽ തന്നെ ഞാൻ ഓമനക്കുട്ടിയായിരുന്നു. അതിനു കാരണം നാല് ആൺമക്കൾക്കിടയിൽ ഒരു പെൺകുട്ടിയായിരുന്നു ഞാൻ. അതുകൊണ്ട് തന്നെ എന്റെ വീട്ടുകാരുടെ എല്ലാ വാത്സല്യങ്ങളും എനിക്ക് സ്വന്തമായിരുന്നു. അങ്ങനെ വളർന്നത് കൊണ്ട് തന്നെ എനിക്ക് അല്പം വാശി കൂടുതലായിരുന്നു. സ്കൂളുകളിൽ എല്ലാം ഞാൻ നല്ലവണ്ണം പഠിച്ചിരുന്നു. അതുകൊണ്ടുതന്നെ അധ്യാപകർക്കും എന്നെ നല്ല ഇഷ്ടമായിരുന്നു. പ്ലസ് ടുവിൽ മുഴുവൻ മാർക്കോടെ ആയിരുന്നു ഞാൻ പാസായത്. അതുകൊണ്ട് തന്നെ തുടർന്ന് എന്നെ പഠിപ്പിക്കണം എന്ന് അമ്മ നിർബന്ധിച്ചപ്പോൾ അച്ഛൻ അതിനു സമ്മതിച്ചു. അങ്ങനെ അച്ഛൻ എന്നെ വലിയ കോളേജിൽ ചേർത്തി. അമ്മയുടെ വീട്ടിൽ നിന്നും വളരെ ദൂരത്തായിരുന്നു ആ കോളേജ്. അതുകൊണ്ടുതന്നെ കോളേജിന് അടുത്തുള്ള ഒരു ഹോസ്റ്റലിൽ ആയിരുന്നു ഞാൻ താമസിച്ചിരുന്നത്. ഹോസ്റ്റലിൽ നിന്നെ എനിക്ക് തന്റെ ക്ലാസിൽ പഠിക്കുന്ന നാലു കൂട്ടുകാരികളെ ലഭിച്ചു. എപ്പോഴും ഞങ്ങൾ ഒരുമിച്ചായിരുന്നു. അങ്ങനെയിരിക്കയാണ് ഞാൻ ഒരു ദിവസം നിന്റെ അച്ഛനുമായുള്ള കൂട്ടുകെട്ട് തുടങ്ങുന്നത്. നിന്റെ അച്ഛൻ എന്റെ ക്ലാസ്സിൽ തന്നെയായിരുന്നു. നോട്ട് എഴുതുന്നതിൽ തുടർന്ന് പരിചയം ഇതാ ഇന്നിവിടം വരെ എത്തിച്ചു.നിന്റെ അച്ഛൻ എന്നോട് പ്രണയം പറഞ്ഞപ്പോഴും ഞാൻ അതിനൊന്നും സമ്മതിച്ചിരുന്നില്ല.എന്നാൽ കൂട്ടുകാരികളുടെ നിർബന്ധം കാരണം എനിക്ക് സമ്മതിക്കേണ്ടി വന്നു.എന്റെ അച്ഛൻ അറിഞ്ഞാൽ എന്നെ കൊന്നു കളയുമെന്ന് അറിയാമായിരുന്നു എനിക്ക്.

ഒരു ദിവസം കോളേജിന് അവധി ലഭിച്ചപ്പോൾ ഞാൻ വീട്ടിലേക്ക് പോയി. അച്ഛനോടും അമ്മയോടും കാര്യങ്ങളെല്ലാം പറഞ്ഞു. എന്നാൽ അച്ഛൻ ഇത് ഒരിക്കലും സമ്മതിക്കുമായിരുന്നില്ല. എന്നാൽ എനിക്ക് നിന്റെ അച്ഛൻ ഇല്ലാതെയും കഴിയുമായിരുന്നില്ല. അത്രയും അടുത്തിരുന്നു ഞങ്ങൾ.അപ്പോഴാണ് ഞങ്ങൾ രണ്ടുപേരും വീട്ടിൽനിന്നും പടിയിറങ്ങാൻ തീരുമാനിച്ചത്. അങ്ങനെയാണ് ഞങ്ങൾ ഇവിടെ എത്തിയത്. ഞാൻ കളിച്ചു നടന്ന എന്റെ വീട്ടിലേക്ക് എനിക്ക് പോകാനും അച്ഛനോടും അമ്മയോടും മാപ്പ് പറയാനും ആഗ്രഹമുണ്ട്. കുടുംബത്തിൽ അച്ഛനുണ്ടായ നാണക്കേട് കാരണം എന്നെ ഒരിക്കലും സ്വീകരിക്കില്ല എന്ന് എനിക്കറിയാം.

മോളെ നീ ഒരിക്കലും ഈ അമ്മയെ പോലെയാകരുത്. അമ്മ മരിച്ചാൽ നീ പോകണം ആ മുത്തച്ഛന്റെ അടുത്തേക്ക്.അമ്മ ചെയ്ത കുറ്റത്തിന് മാപ്പ് പറയണം. ഒരിക്കലും മുത്തച്ഛന്റെ പേരക്കുട്ടിയായ നിന്നെ സ്വീകരിക്കാതിരിക്കില്ല. ഈ വിധിയൊന്നും ആർക്കും വരരുതേ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിന്റെ അമ്മ......
ഒപ്പ്.



# പെയ്തിറങ്ങി

നയന ബി 8C

മാരുതൻ വീശി
ചട പടോ ചില്ലകളാടിയുലഞ്ഞു
പെട്ടന്നതെന്തോ പെയ്തിറങ്ങി
വേനലിൻ ശത്രുവായി
ഒരു കുഞ്ഞു പൂവിന്റെ
തലയിതാ പൊങ്ങി
മരമിങ്ങു പൂത്തു
പുഴകൾ കവിഞ്ഞൊഴുകുന്നിതാ
ക്ഷാമത്തിൻ കാലത്തിൽ
രക്ഷകനായ് അവനിങ്ങു
പെയ്തിറങ്ങി
ഓരോ തുള്ളിയും പാദത്തിൽ
പതിഞ്ഞു
കർഷകൻ ആഹ്ലാദപൂർവമായി

ഒരു ചിരി ആ ചുണ്ടിൽ കണ്ടതോടെ
മണ്ണിനു മധുരത്തിൽ കാലമായ്
ജീവന്റെ തുടിപ്പുപോൽ
മണ്ണിൽ വിളഞ്ഞിതാ..
മത്തൻ, കുമ്പളം, വെള്ളരിക്ക
ദീർഘശ്വാസം എടുത്തു കർഷകൻ
നോക്കി നിന്നു കണ്ടു
ഈ കാഴ്ചകൾ

ഓരോ വിയർപ്പും
ഈ മഴ കാലത്ത്
പൂവായ്, കായ്കളായ്
പെയ്തിറങ്ങി

മഴയുടെ കുളിർമയും
മഴയുടെ ഇരമ്പവും
കർഷകൻ കാതിൽ
സംഗീതമായി

മഴയുടെ തണുപ്പിൽ
നിന്നതെല്ലാം കണ്ട്
കർഷകൻ ഭൂമിദേവിയെ
കാലിൽ വണങ്ങി

# നിങ്ങൾക്കറിയാമോ ?



ഹന്ന ഷെറിൻ 8D

1. സ്വന്തം ശരീരത്തിന്റെ അത്രയും നാവിന് നീളമുള്ള ജീവി?
A. ഓന്ത്
2. പാലിൽ ഏറ്റവും കൊഴുപ്പ് കൂടുതലുള്ള ജീവി?
A.മുയൽ
3.സ്റ്റുപ്പിഡ് ബേർഡ് എന്നറിയപ്പെടുന്ന പക്ഷി?
A.താറാവ്
4. നൂറിലധികം ശബ്ദം ഉണ്ടാക്കാൻ കഴിയുന്ന ജീവി
A.പൂച്ച
5. ജീവിക്കുന്ന ഫോസിൽ എന്ന് വിശേഷിപ്പിക്കുന്ന ജീവി?
A.പാണ്ട
6.ഏറ്റവും വലിയ കരളുള്ളതും ഏറ്റവും ചെറിയ ഹൃദയം ഉള്ളതുമായ ജീവി ?
A.പന്നി
7.ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പികുന്ന ജീവി ഏതാണ് ?
A.നീലത്തിമിംഗലം
8. ഉഭയജീവികളുടെ ശ്വസനാവയവം ഏതാണ്?
A.ത്വക്ക്
9.മനുഷ്യന് തുല്യ ക്രോമസോം സംഖ്യ ഉള്ള ജീവി?
A. കാട്ടുമുയൽ
10.കരയിലെ ഏറ്റവും വലിയ മാംസ ഭോജി ?
A.ധ്രുവക്കരടി



# പാത

നയന ബി 8C

എന്തെന്നറിയില്ല
എങ്ങോടുന്നറിയില്ലാ
ഈ വഴി പാതയിൽ
നാം സഞ്ചരിക്കുന്നു

വെയിൽ ചിരിക്കുന്നു
കാർമേഘം കരയുന്നു
കാലമിതാ നീങ്ങുന്നു
ഈ വഴി പാതയിൽ

സൂര്യനെ ചുറ്റുന്ന
ഭൂമിയെപ്പോലെ
കറങ്ങുന്ന ഭൂമിയിൽ
എവിടെന്നറിയില്ല മക്കൾ


***You may never know what results come of your actions, but if you do nothing, there will be no results.***
***_MAHATMA GANDHI_***

**Accept your PAST without regret, handle your PRESENT with confidence, and face your FUTURE without fear**
**APJ ABDUL KALAM**

**FATHIMA FARHANA 9C**

# TYPES OF FRACTION

SHAHLA SHERIN P P 6B



# എന്തിനിത്ര നൊമ്പരം

ഫാത്തിമ സൻഹ 8C

എന്തിനീ മേഘമിന്നി ങ്ങനെ കരയുന്നു....
മേഘത്തിനുള്ളിലു മിത്ര ദുഃഖമോ....
മേഘമേ ഇങ്ങനെ നീ കരയൂകിലെൻ..
കർഷകൻ കാര്യമ തെന്തൊരു സങ്കടം...

നാടും വീടും തോടും നിറഞ്ഞൊഴുകീട്ടും...
നിന്നിലെ നൊമ്പരം തീർന്നില്ലയെല്ലോ....
നീ കരഞ്ഞാൽ നിൻ കൂടെ കരയാൻ....
ജീവനുള്ളയീ മക്കളും കൂടും...

വെള്ളപ്പൊക്കത്താൽ വീടുകൾ ഒഴുകുന്നു....
കൃഷിയിടങ്ങളതാ തോടായി മാറുന്നു...
മാനത്തും നോക്കിതാ നിൽപ്പതും
കുഞ്ഞുങ്ങൾ കോടാനും ചാടാനും
കഴിയുന്നില്ലെന്നോ...

നീ കരയല്ലേ നിൻ സങ്കടം താങ്ങാൻ..
കഴിയുന്നില്ലയീ മാനവരാശിക്കതും...

# നന്ദി